# മലയാള ഭാഷാസൂത്രണം:

## സമകാലിക ഭാഷാസാഹചര്യങ്ങളിൽ

ഡോ. സ്മിത കെ. നായർ

ഭാഷയുടെ നവോത്ഥാനവഴികൾ, ഭാഷാസൂത്രണനയങ്ങൾ, രീതികൾ, വൈജ്ഞാനികഭാഷയും സാങ്കേതികപദനിർമ്മിതിയും, ഭരണഭാഷ, ബോധനഭാഷ, മാധ്യമഭാഷ, ന്യൂനപക്ഷ ഭാഷാനയങ്ങൾ, വിവർത്തനനയങ്ങൾ, ഭാഷാസാങ്കേതികത തുടങ്ങി ഭാഷാസൂത്രണത്തിന്റെ വിവിധ മേഖലകളെ സവിശേഷമായി പഠനവിധേയമാക്കുന്ന, മലയാളത്തിന്റെ സമകാലികസാഹചര്യങ്ങൾ ചർച്ച ചെയ്യുന്ന, തുടർപഠന-ആസൂത്രണസാധ്യതക്കു വഴി തെളിക്കുന്ന പുസ്തകം.

ISBN 978-93-91808-18-1
9 789391 808181

മലയാള ഭാഷാസൂത്രണം: സമകാലിക ഭാഷാസാഹചര്യങ്ങളിൽ
എഡിറ്റർ ഡോ. സ്മിത കെ. നായർ

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല
www.malayalamuniversity.edu.in
publication@temu.ac.in

₹ 400.00

മലയാള ഭാഷാസൂത്രണം: സമകാലിക ഭാഷാസാഹചര്യങ്ങളിൽ
എഡിറ്റർ: ഡോ. സ്മിത കെ. നായർ



# മലയാള ഭാഷാസൂത്രണം:

## സമകാലിക ഭാഷാസാഹചര്യങ്ങളിൽ

എഡിറ്റർ: ഡോ. സ്മിത കെ. നായർ

| | |
|---|---|
| മലയാളഭാഷാസൂത്രണം : | Malayala Bhashasoothranam : |
| സമകാലികഭാഷാസാഹചര്യങ്ങളിൽ | Samakalika Bhasha saahacharyangalil |
| • | • |
| എഡിറ്റർ | Editor |
| ഡോ. സ്മിത കെ. നായർ | Dr. Smitha K. Nair |
| • | • |
| പ്രസിദ്ധീകരണം : ഭാഷാശാസ്ത്രസ്കൂൾ | Published by: Bhashasastraschool |
| © തുഞ്ചത്തെഴുത്തച്ഛൻ | © Thunchath Ezhuthachan |
| മലയാളസർവകലാശാല, | Malayalam University, Aksharam Campus, |
| അക്ഷരം കാമ്പസ്, വാക്കാട് പി.ഒ, തിരൂർ, | Vakkad P.O., Tirur, Malappuram Dist., |
| മലപ്പുറം, കേരള - 676 502. | Kerala - 676 502. |
| വില: ₹ 400 | Price: ₹ 400 |
| പ്രസിദ്ധീകരിച്ച വർഷം : ഒക്ടോബർ 2022 | First published: October 2022 |
| അച്ചടി : കാലിക്കറ്റ് യൂണിവേഴ്സിറ്റി | Printed at : The Calicut University |
| സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോർ | Central Co-operative Stores Ltd. |
| കവർ ഡിസൈൻ : ലിജീഷ് എം.ടി. | Cover designed by: Lijeesh M. T. |
| രൂപകല്പന : ബിയോണ്ട് പബ്ലിഷേഴ്സ്, | Layout : Beyond Publishers, |
| തിരുവനന്തപുരം-35 | Law College Jn. Thiruvananthapuram -35 |
| തുഞ്ചത്തെഴുത്തച്ഛൻ | Thunchath Ezhuthachan |
| മലയാളസർവകലാശാല | Malayalam University |
| ഇ-മെയിൽ : | e-mail : |
| publication@temu.ac.in | publication@temu.ac.in |
| ISBN 978-93-91808-18-1 | ISBN 978-93-91808-18-1 |


No part of this book shall be reproduced in print or any other form of transmission without the written permission of the publisher, except for those purposes allowed by copyright law

# മലയാളഭാഷാസൂത്രണം: സമകാലിക ഭാഷാസാഹചര്യങ്ങളിൽ

എഡിറ്റർ

ഡോ. സ്മിത കെ. നായർ

തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല
തിരൂർ

അതുവഴി വിദ്യാഭ്യാസരംഗത്ത് ഭാഷ നേരിടുന്ന അവസ്ഥയെ ചൂണ്ടിക്കാണിക്കുന്നു.

മാതൃഭാഷാമാധ്യമത്തിലുള്ള വിദ്യാഭ്യാസത്തിന്റെ ധൈഷണിക, സാമൂഹികപരിസരങ്ങളെ സൈദ്ധാന്തികമായും പ്രായോഗികമായും ചർച്ചചെയ്യുകയാണ് ഡോ. അശോക് ഡിക്രൂസിന്റെയും ഡോ. രജനി സുബോധിന്റെയും ലേഖനങ്ങൾ. അതേ സമയം മാതൃഭാഷാവിദ്യാഭ്യാസത്തിന്റെ പ്രസക്തി ചരിത്രപരമായി അന്വേഷിക്കുകയാണ് ഡോ. സുരേഷ് പി.യുടെ ലേഖനം.

മാതൃഭാഷയെക്കുറിച്ചുള്ള വ്യത്യസ്ത ലേഖനങ്ങളെ അവലോകനം ചെയ്യുന്ന ഡോ. സി. ഗണേഷിന്റെ ലേഖനം, വിദ്യാഭ്യാസ-തൊഴിൽ പരീക്ഷാമേഖലകളിൽ മാതൃഭാഷാ നയരൂപീകരണം നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്ന രൂപിമ എസ്സിന്റെ ലേഖനം എന്നിവ കാലികപ്രസക്തി കൊണ്ട് വേറിട്ടു നിൽക്കുന്നവയാണ്.

മുഖ്യധാരാഭാഷകളിൽ നിന്നു മാറി നിൽക്കുന്നതിനാൽ തന്നെ ഭാഷാപരമായ വിവേചനങ്ങൾ നേരിടുന്നവയാണ് ഗോത്രഭാഷകൾ. ഗോത്രഭാഷാ നയരൂപീകരണത്തിന്റെ പ്രസക്തി ബോധ്യപ്പെടുത്തുന്നവയാണ് സിന്ധുസാജന്റേയും ശിവദത്ത് എം.കെ. യുടെയും ലേഖനങ്ങൾ.

സാഹിത്യവും വൈജ്ഞാനികവുമായ വിവർത്തനങ്ങളിലെ ഭാഷാനയ രൂപീകരണത്തിന്റെ വിത്യസ്തതലങ്ങളെയും പ്രാധാന്യസവിശേഷതകളെയും ഇഴപിരിച്ച് പരിശോധിക്കുന്നവയാണ് ഡോ. കെ.വി. ശശിയുടെയും ഡോ. രോഷ്നി സ്വപ്നയുടെയും ശാലിനി ആറിന്റെയും ലേഖനങ്ങൾ.

മാധ്യമങ്ങളുടെ ഭാഷാപരിണാമത്തിലൂടെ കടന്നു വന്ന ഭാഷാസൂത്രണത്തിന്റെ സാമൂഹികപ്രക്രിയകളെ അവലോകനം ചെയ്യുന്ന രാജേഷ് കെ. എരുമേലിയുടെ ലേഖനവും ഭാഷാസാങ്കേതികവിദ്യയുടെ വികാസത്തിലൂടെ ലിപിയുൾപ്പെടെയുള്ള വിവിധ ഭാഷാസൂത്രണപദ്ധതികളിൽ വന്നിട്ടുള്ള സാധ്യതകളും പരിമിതികളും പരിശോധിക്കുന്ന ശരണ്യ സി-യുടെ ലേഖനവും സവിശേഷ ശ്രദ്ധ അർഹിക്കുന്നു.

ചുരുക്കത്തിൽ, ഭാഷാസൂത്രണത്തിന്റെ വ്യത്യസ്തമേഖലകളെ സവിശേഷമായി പഠനവിധേയമാക്കുന്ന ലേഖനങ്ങളാണ് ഈ പുസ്തകത്തിന്റെ കാതൽ. തുടർപഠനങ്ങൾക്കും ആസൂത്രണസാധ്യതകൾക്കും വഴി തെളിക്കുന്ന, മലയാളത്തിന്റെ സമകാലിക സാഹചര്യങ്ങളെ ചിന്തിപ്പിക്കുന്ന, ഒന്നായി ഈ പുസ്തകം മാറട്ടെ എന്നാഗ്രഹിക്കുന്നു.

## ഉള്ളടക്കം


1. ഭാഷാസൂത്രണവും ആഗോളീകരണവും — 11
*ഡോ. എച്ച്. കെ. സന്തോഷ്*

2. അധികാരവും ഭാഷാനയരൂപീകരണവും — 28
*ഡോ. സ്മിത കെ. നായർ*

3. കോളനീകരണത്തിന്റെ കണ്ണാടികൾ - ആസൂത്രണകാലത്തെ കാഴ്ചകൾ — 36
*ഡോ. രാകേഷ് ചെറുകോട്*

4. ഭാഷാസൂത്രണം : അടിസ്ഥാന സങ്കൽപ്പനങ്ങൾ — 43
*ഡോ. സി. സെയ്തലവി*

5. മാതൃഭാഷയും നവോത്ഥാനവും — 60
*ഡോ. കെ. എം. അനിൽ*

6. ഭാഷാനയവും ഭാഷാഭ്യസനവും — 78
*പ്രൊഫ. വി. കാർത്തികേയൻ നായർ*

7. ശാസ്ത്രമലയാളാസൂത്രണം — 84
*പ്രൊഫ. എം. ശ്രീനാഥൻ*

8. സാങ്കേതികപദ വിവർത്തനം ഗൃഹശാസ്ത്രം എന്ന പുസ്തകത്തെ ആസ്പദമാക്കിയുള്ള പഠനം — 103
*ഡോ. ജി. സജിന*

9. ഹയർസെക്കന്ററി ശാസ്ത്രവിഷയങ്ങളുടെ മലയാളം പരിഭാഷ: പന്ത്രണ്ടാം തലത്തിലെ ഭൗതികശാസ്ത്രം പാഠപുസ്തകത്തെ മുൻനിർത്തിയുള്ള പഠനം — 112
*അശ്വനി. എ. പി*

10. ജ്ഞാനനിർമ്മിതിവാദവും മാതൃഭാഷാപഠനവും - — 131
*ഡോ. അശോക് ഡിക്രൂസ്*

11. മലയാളഭാഷാസൂത്രണം സ്കൂൾ പാഠ്യപദ്ധതിയിൽ — 144
*ഡോ. രജനി സുബോധ്*

12. മാതൃഭാഷാമാധ്യമ വിദ്യാഭ്യാസത്തിന്റെ പ്രസക്തി — 151
*ഡോ. സുരേഷ്.പി*

13. മാതൃഭാഷ : സമീപനങ്ങൾ, നിലപാടുകൾ — 160
*ഡോ. സി. ഗണേഷ്*

ജോസ് സ്ക്കറിയ, എസ്.പി.ഡി.എസ്. കോട്ടയം.

23. അനിൽകുമാർ വടവാതൂർ, 2014, ശാസ്ത്രമെഴുത്ത് മലയാള… പബ്ലിക് റിലേഷൻസ് ആന്റ് പബ്ലിക്കേഷൻസ്, കൊച്ചി … സാങ്കേതിക സർവ്വകലാശാല.

24 Bakes Mona, 1992 Inother words: A course book on transla… London and Newyork Routledge.

25. Bakes Mona, 1981, Routledge Encyclopedia of translation studies Routledge, London and Newyork.

26. Bell. R, 1991, Translation and translating: Theroy and Practice Longman London and Newyork.

27. Bernal J.D., Science in History, All India people's science Net work.

28. Bassnett susanas & Hairs Trivedi, 1999, Intrdouciton poir colonia… Translation Theory and Practice Routledge, London.

# 10

## ജ്ഞാനനിർമ്മിതിവാദവും മാതൃഭാഷാപഠനവും

ഡോ. അശോക് ഡിക്രൂസ്

വസ്തുതകൾ യാന്ത്രികമായി ഉരുവിട്ടു പഠിക്കുന്നത് യഥാർത്ഥ പഠനമല്ലെന്ന് പരക്കെ അംഗീകരിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. യാന്ത്രികമായുള്ള പഠനം വസ്തുതകൾ ഓർത്തുവയ്ക്കാനുള്ള കഴിവ് മാത്രമേ പ്രദാനം ചെയ്യുന്നുള്ളൂ. എന്നാൽ പഠനം സജീവമായ ഒരു മാനസികപ്രക്രിയയാണ്. അന്വേഷണം, കണ്ടെത്തൽ, പ്രശ്നപരിഹാരം എന്നിവ സക്രിയമായ പഠനത്തിന്റെ ഭാഗമാണ്. വിലയിരുത്തുവാനും വിമർശനാത്മകമായി സമീപിച്ച് അപഗ്രഥിക്കാനുമുള്ള കഴിവ് നേടുക എന്നതാണ് ഫലപ്രദമായ പഠനത്തിലൂടെ ലക്ഷ്യമാക്കുന്നത്.

മനുഷ്യരിൽ സഹജമായുള്ള കഴിവാണ് അന്വേഷണാത്മകത. ഈ അന്വേഷണാത്മകത ബോധപൂർവ്വം നാം ശക്തിപ്പെടുത്തേണ്ടതുണ്ട്. ചുറ്റുപാടുകളെക്കുറിച്ചുള്ള 'ആർജ്ജിത ജ്ഞാനം', അതിൽ നടക്കുന്ന പലതരം പ്രവർത്തനങ്ങൾ, അവയ്ക്ക് വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ എന്നീ വിവരങ്ങളെല്ലാം ഒന്നിച്ചുചേർത്ത് വിശകലനം ചെയ്താലാണ് പുതിയ അറിവ് രൂപപ്പെടുന്നത്. അറിവിന്റെ നിർമ്മാണപ്രക്രിയയിൽ മനുഷ്യമസ്തിഷ്കത്തിന് നിർണ്ണായകമായ സ്ഥാനമുണ്ട്. മനുഷ്യമസ്തിഷ്കത്തിന്റെ ഉള്ളറ രഹസ്യങ്ങളെക്കുറിച്ച് ധാരാളം പുതിയ അറിവുകൾ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. കൗതുകമുണർത്തുന്നവയാണ് ഇതിൽ ചില ഗവേഷണഫലങ്ങൾ. തലച്ചോറിന്റെ ഓരോ ഭാഗത്തിനും ഓരോ ധർമമാണ് എന്ന കണ്ടെത്തൽ പഠന ഗവേഷണരംഗത്തും പുതിയ ഉണർവാണ് നൽകിയിരിക്കുന്നത്.

നമ്മുടെ തലച്ചോറിനെ രണ്ട് അർദ്ധഗോളങ്ങളായി തിരിക്കാം. ഇടത് അർദ്ധഗോളവും വലത് അർദ്ധഗോളവും. വലത് അർദ്ധഗോളം ദൃശ്യബിംബങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. ചിത്രങ്ങൾ, പ്രതീകങ്ങൾ എന്നിവ മനസ്സിലാക്കാൻ ഈ ഭാഗം നമ്മെ സഹായിക്കുന്നു. സർഗ്ഗാത്മകതയുടെ കേന്ദ്രവും ഇതുതന്നെ. സന്ദർഭോചിതമായി ഇടപെടാനും വൈകാരിക പ്രതികരണത്തിനും ഈ ഭാഗം പ്രയോജനപ്പെടുന്നു. ഇടത് അർദ്ധഗോളം ഭാഷാപരമായ കാര്യ

ങ്ങൾ നിയന്ത്രിക്കുന്നു. വൈകാരിക പ്രതികരണത്തെക്കാൾ യുക്തിപൂർവ്വമായ പ്രായോഗികപ്രതികരണത്തിന് ഈ ഭാഗം നമ്മെ സഹായിക്കുന്നു.

രണ്ട് അർദ്ധഗോളങ്ങളായി തിരിച്ചിരിക്കുമ്പോൾ തന്നെ നാല് അടരുകളായി വീണ്ടും നമ്മുടെ തലച്ചോറ് വിഭജിക്കപ്പെട്ടിട്ടുണ്ട്. നമ്മുടെ ചുറ്റുപാടുകളെ നാംമനസ്സിലാക്കുന്നത് ഈ നാല് അടരുകളുടെയും പ്രവർത്തനഫലമായാണ്. ഓരോ അടരിനും പ്രത്യേക ധർമ്മങ്ങളുണ്ട്. ഭാഷാപരം, ദൃശ്യപരം, വൈകാരികം, ഗണിതപരം, യുക്തിപരം എന്നിങ്ങനെ. ചുരുക്കിപ്പറഞ്ഞാൽ നമ്മുടെ തലച്ചോർ അതിസങ്കീർണ്ണമാണ്. അങ്ങനെ പറയുമ്പോൾതന്നെ അതിസങ്കീർണ്ണമായ കാര്യങ്ങൾ ഏറ്റെടുക്കാനും അതനുസരിച്ച് മാനസിക വ്യാപാരങ്ങളിലേർപ്പെടാനും ഉള്ള കഴിവും അപാരമാണ്. മനുഷ്യമസ്തിഷ്കത്തെപ്പറ്റി ഇത്രയും കാര്യങ്ങൾ അവതരിപ്പിച്ചത് നമ്മുടെ കഴിവുകളെയും സാധ്യതകളെയും തിരിച്ചറിയാനാണ്. അനന്തസാധ്യതകളുള്ള ഒരു മസ്തിഷ്കം നമുക്കോരോരുത്തർക്കും ഉണ്ടെന്നിരിക്കെ, അതിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനും, വികസിപ്പിക്കുന്നതിനും, പ്രയോഗിക്കുന്നതിനും അവസരം നൽകുന്ന പഠനപ്രവർത്തനങ്ങളാണ് നമുക്കാവശ്യം.

പഠനത്തിലൂടെ പൊതുവിൽ സംഭവിക്കുന്നത് ഒരു വികാസം (development) മാണ്. അത് അറിവിന്റെ വികാസമാകാം, വൈദഗ്ധ്യങ്ങളുടെ വികാസമാകാം, അതുമല്ലെങ്കിൽ മനോഭാവങ്ങളുടെ വികാസമാകാം. ചില അവസരങ്ങളിൽ ഒരു പ്രത്യേക മിശ്രണത്തിലൂടെ (blend) ഒന്നിൽക്കൂടുതൽ ഘടകങ്ങളുടെ വികാസവും വ്യക്തികളിൽ സംഭവിച്ചേക്കാം. അറിവ് (knowledge), വൈദഗ്ധ്യം (skill), മനോഭാവം (attitude) എന്നിവയുടെ വികാസമാണ് ജ്ഞാനനിർമ്മിതി എന്ന പ്രക്രിയയുടെ അടിസ്ഥാനഘടകങ്ങൾ.

ഒരു ബോധനരീതി എന്നതിലുപരി ഒരു പഠനരീതി എന്ന നിലയ്ക്കാണ് ജ്ഞാനനിർമ്മിതിവാദത്തിന്റെ പ്രസക്തി. പ്രശ്നമേഖലകളെ കുട്ടികൾക്കു മുന്നിൽ അനാവരണം ചെയ്യുകയും വിഷയാന്വേഷണം, കണ്ടെത്തൽ, പ്രശ്നപരിഹാരം എന്നീ ഘടകങ്ങളിലൂടെ അറിവ് നിർമ്മാണം നടത്തുകയും ചെയ്യുക എന്ന ലക്ഷ്യമാണ് ജ്ഞാനനിർമ്മിതി (constructivism) വാദം മുന്നോട്ട് വയ്ക്കുന്നത്. ഏതൊരു പഠന-ബോധന രീതിക്കും തത്ത്വാധിഷ്ഠിതമായ അടിത്തറ ഉള്ളത് ഏറെ ഗുണപ്രദമാണ്. തത്ത്വചിന്താപരമായ അടിത്തറ, മനഃശാസ്ത്രപരമായ അടിത്തറ, സാമൂഹ്യശാസ്ത്രപരമായ അടിത്തറ എന്നിവയാണ് തത്ത്വാധിഷ്ഠിതമായ അടിത്തറയുടെ ഘടകങ്ങൾ.

## ജ്ഞാനനിർമ്മിതിവാദത്തിന്റെ തത്ത്വാധിഷ്ഠിതമായ അടിത്തറകൾ (Theoretical Bases of Constructivism)

### തത്ത്വചിന്താപരമായ അടിത്തറ (Philosophical Base)

ജ്ഞാനനിർമ്മിതിവാദത്തിന്റെ തത്ത്വചിന്താപരമായ അടിത്തറ അമേരിക്കൻ ചിന്തകനായ ജോൺ ഡ്യൂയിയിലാണ് കണ്ടെത്താനാവുന്നത്.



'വിദ്യാഭ്യാസം ആശ്രയിച്ചിരിക്കുന്നത് പ്രവൃത്തി, അറിവ്, സാഹചര്യങ്ങളിലൂടെ ഉരുത്തിരിയുന്ന ആശയങ്ങൾ, അതിലൂടെ കുട്ടികൾക്ക് ലഭിക്കുന്ന അനുഭവങ്ങൾ എന്നിവയെയാണ്'" എന്ന് 'ജനാധിപത്യവും വിദ്യാഭ്യാസവും' (1916) എന്ന ഗ്രന്ഥത്തിലൂടെ ജോൺ ഡ്യൂയി വ്യക്തമാക്കുന്നു. ഒരു വിദ്യാർത്ഥി സ്വന്തം കാഴ്ചപ്പാടിലൂടെയും അതുല്യമായ അനുഭവത്തിലൂടെയും നിർമ്മിക്കുന്ന ഒരു നൂതനയാഥാർത്ഥ്യം പുതിയ ഒരനുഭവത്തിലൂടെ കടന്നുപോകുമ്പോൾ മറ്റൊരു ജ്ഞാനനിർമ്മിതിക്കായി ഉപയോഗിക്കുന്നു.

ഇത്തരമൊരു നവീനാശയത്തിന്റെ പ്രതിഫലനമാണ് പ്രോദ്യമരീതി (Project method)യിലും കാണാൻ കഴിയുന്നത്. അറിവ് സ്വയം നിർമ്മിക്കുന്ന രീതിയാണ് ഇവിടെയും പരിശീലിക്കുന്നത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യനാളുകളിൽ അമേരിക്കയിൽ രൂപംകൊണ്ട പുരോഗമന വിദ്യാഭ്യാസപ്രസ്ഥാനത്തിന്റെ സൃഷ്ടിയാണ് പ്രോജക്ട് രീതി (Progressive Education Movement) എന്നാണ് വിദ്യാഭ്യാസചിന്തകന്മാർ കരുതുന്നത്. അങ്ങനെയെങ്കിൽ ജോൺ ഡ്യൂയി ആണ് ഇന്നത്തെ രീതിയുള്ള 'പ്രോദ്യമരീതി'യുടെ ഉപജ്ഞാതാവ് എന്ന് പറയേണ്ടിവരും. 'എവിടെയൊക്കെ സാധ്യതയുണ്ടോ അവിടെയൊക്കെ, കുട്ടികൾതന്നെ അനുയോജ്യമായ ഉപകരണങ്ങളും സാമഗ്രികളും തെരഞ്ഞെടുക്കാനുള്ള യുക്തിസഹമായ ഉത്തരവാദിത്വം നൽകുകയും, സ്വന്തം ഉത്തരവാദിത്വത്തിൽ മാതൃകകളും പ്രവർത്തനരൂപരേഖയും രൂപപ്പെടുത്താൻ അവസരം നൽകി ഒപ്പം തെറ്റുകൾ സ്വയം തിരിച്ചറിഞ്ഞ് തിരുത്തുന്നതിനും അവസരം നൽകി' എന്നാണ് എലിമെന്ററി സ്കൂൾ രേഖകളിലൂടെ ജോൺ ഡ്യൂയി വ്യക്തമാക്കുന്നത്. കുട്ടികൾ 'സ്കൂളിലെത്തുന്നത് ഒഴിഞ്ഞ മനസ്സുമായിട്ടല്ല എന്നും, അനുഭവങ്ങളിലൂടെ ആർജ്ജിച്ച ഒട്ടേറെ അറിവുകളുമായിട്ടാണ്' എന്നുമുള്ള ജോൺ ഡ്യൂയിയുടെ അഭിപ്രായമാണ് ജ്ഞാനനിർമ്മിതിവാദത്തിന്റെ തത്ത്വചിന്താപരമായ അടിത്തറ.

### മനഃശാസ്ത്രപരമായ അടിത്തറ (Psychological Base)

ഴാങ് പിയാഷെ (Jean Piaget) യുടെ അഭിപ്രായത്തിൽ, ഓരോ കുട്ടിയും സ്വന്തം ആവശ്യങ്ങൾക്കായി അർത്ഥനിർമ്മിതികൾ നടത്താറുണ്ട്, മാത്രമല്ല അവർ സജീവമായി അറിവ് നിർമ്മിക്കുകയും ചെയ്യുന്നു. നിലവിലുള്ള വൈജ്ഞാനികഘടന (cognitive structure)യുമായി പൊരുത്തപ്പെടുന്ന ഒരു സമയോജനം നടത്താൻ പുതിയ അനുഭവങ്ങൾക്ക് കഴിഞ്ഞേക്കാം. അങ്ങനെ വന്നാൽ അവരുടെ വൈജ്ഞാനികഘടനയിൽ ഈ പുതിയ അറിവിനുകൂടി ഇടം ലഭിച്ചേക്കാം. സമയോജനവും സ്വാംശീകരണവും ഒരു പുതിയ സ്ഥിരത (equilibrium) വൈജ്ഞാനികഘടനയ്ക്ക് നൽകുന്നു.

ജെറോം എസ് ബ്രൂണറുടെ അഭിപ്രായത്തിൽ, പഠിതാവ് തെരഞ്ഞെടുക്കുന്ന വിവരങ്ങൾ, വൈജ്ഞാനികഘടനയിലേക്ക് കൈമാറ്റം (വിനിമയം) നടത്തുന്നു എന്നാണ്. ഇതിന് അധ്യാപകന്റെ കൈത്താങ്ങ് (Scaffolding)

ആവശ്യമുണ്ടെങ്കിലും ക്രമേണ ഇത് പിൻവലിക്കുന്നു. പുതിയ അറിവ് നിർ
മ്മിച്ചുകഴിയും വരെയേ ഈ കൈത്താങ്ങ് ഉണ്ടാവുകയുള്ളൂ എന്ന് ചുരുക്കം.

മുൻധാരണ രൂപീകരണമാതൃക (Advance Organizer Model), കണ്ടെ
ത്തൽ പഠന മാതൃക (Discovery Learning Model) എന്നിവ ധാരണകളെ
സജീവമാക്കുന്ന ചാലകശക്തികളാണ്. അപഗ്രഥിക്കുന്നതിനും വിലയിരു
ത്തുന്നതിനും വിമർശനാത്മകമായി വസ്തുതകളെ സമീപിക്കുന്നതിനും സർ
ഗ്ഗാത്മകമായി ഇടപെടുന്നതിനുമുള്ള കഴിവ് പഠനത്തിലൂടെ ഓരോരുത്തരും
നേടേണ്ടതുണ്ട്. ആധുനിക വിദ്യാഭ്യാസ ഗവേഷകരും ചിന്തകരും മുന്നോട്ട്
വയ്ക്കുന്ന കണ്ടെത്തൽ പഠനം (Doscovery Learning) പ്രതിഫലിപ്പിക്കുന്നത്
ജ്ഞാനനിർമ്മിതി വാദത്തിന്റെ മനഃശാസ്ത്രപരമായ അടിത്തറയാണ്.

## സാമൂഹ്യശാസ്ത്രപരമായ അടിത്തറ (Sociological Base)

വികസനസിദ്ധാന്തത്തിന്റെ വക്താവായ ലെവ് വൈഗോട്സ്കി (Lev
Vigotsky) അഭിപ്രായപ്പെടുന്നത് ബുദ്ധിപരമായ കഴിവ് നമ്മുടെ സമൂഹചരി
ത്രത്തിന്റെ ഫലമാണ് എന്നാണ്. കുട്ടിക്ക് തന്റെ ചിന്തകളെ യഥേഷ്ടം
നിയന്ത്രിക്കാൻ കഴിയുന്ന ഉപകരണമാണ് ഭാഷ എന്നദ്ദേഹം പറയുന്നു.
സാമൂഹിക സാംസ്കാരിക ഘടകങ്ങൾക്ക് പഠനത്തിൽ മുന്തിയ പങ്കു
ണ്ടെന്നും പഠിതാക്കൾ അറിവിന്റെ നിർമ്മാതാക്കളാണെന്നുള്ള
ആശയം അദ്ദേഹം മുന്നോട്ടു വയ്ക്കുന്നു. സമൂഹവുമായുള്ള സംവാദത്തിലൂടെ
യാണ് പഠനം നടക്കുന്നത്. കുട്ടി സംവാദത്തിൽ ഏർപ്പെടുമ്പോൾ ഒട്ടേറെ
ചോദ്യങ്ങൾ കുട്ടിയിൽ ഉണരുന്നു. ഇങ്ങനെ ഓരോരുത്തർക്കും സ്വന്തം
നിലയിൽ എത്തിച്ചേരാവുന്നതിനും ഇടയിലുള്ള ഒരു മണ്ഡലം രൂപപ്പെടുന്നു.
ഇതാണ് 'സമീപസ്ഥ വികസന മണ്ഡലം' (Zone of Prozimal Development
- ZPD)

പ്രശ്നപരിഹാരബോധനരീതി (Problem solving Method) ഇതിനോട്
ചേർത്തുവായിക്കാവുന്ന ഒരു മാതൃകയാണ്. അറിവ് ആർജ്ജിക്കാനുള്ള
ഉപാധി അന്വേഷണമാണ് എന്ന പ്രാഥമിക അറിവ് അടയാളപ്പെടുത്തുക
യാണിവിടെ ചെയ്യുന്നത്. അറിവ് (ജ്ഞാനം) നേടാനുള്ള മാർഗ്ഗം, ചോദ്യം
ചെയ്യാനുള്ള വാസനയും ആരോഗ്യകരമായ അന്വേഷണബുദ്ധിയുമാണ്.
ഈ സിദ്ധാന്തത്തെ പ്രായോഗികമായി കാണാനുള്ള ശ്രമമായിരുന്നു
ഗാന്ധിജി. 'അടിസ്ഥാന വിദ്യാഭ്യാസ'ത്തിലൂടെ നടത്തിയത് എന്നത്
ശ്രദ്ധേയമായ ഒരു വസ്തുതയാണ്.

## ജ്ഞാനനിർമ്മിതിവാദത്തിന്റെ കാഴ്ചപ്പാടുകൾ ക്ലാസ്സ്മുറിയിൽ (Constructivists views in Class room)

1. അറിവ് (Knowledge)

- അറിവ് നിർമ്മിക്കുന്നതാണ്, വിനിമയം ചെയ്യപ്പെടുന്നതല്ല.



- മുന്നറിവ് പഠനക്രിയയെത്തന്നെ സ്വാധീനിക്കുന്നു.
- പ്രാഥമികമായ അറിവ് പ്രാദേശികമാണ്, സാർവ്വലൗകികമല്ല.
- അർത്ഥവത്തായ അറിവ് നിർമ്മിക്കുന്നതിന് ശ്രമകരവും ഉദ്ദേശ്യപൂർ
ണ്ണവുമായ പ്രവർത്തനം
- ആവശ്യമുണ്ട്.

2. പഠനം (Learning)

- പഠനാന്തരീക്ഷത്തെ ആശ്രയിച്ച് മാത്രമല്ല പഠനം നടക്കുന്നത്, പഠി
താവിന്റെ മുന്നറിവ്, അഭിപ്രേരണ, ലക്ഷ്യം എന്നിവയെ ആശ്രയിച്ചു
കൂടിയാണ്.
- അനുഭവങ്ങളിലൂടെയാണ് അറിവിന്റെ നിർമ്മാണം നടക്കുന്നത്.
- പഠനം നിർജീവമല്ല. പഠിതാക്കൾ ലക്ഷ്യം നിർണ്ണയിക്കുകയും പഠ
നത്തെ സ്വയം നിയന്ത്രിക്കുകയും വേണം.
- ഒരിക്കൽ നിർമ്മിച്ച അർത്ഥം സ്വീകരിക്കുകയോ നിരസിക്കുകയോ
ആവാം. അർത്ഥനിർമ്മാണം ഒരിക്കലും വിശ്വാസത്തിലേക്ക് നയി
ക്കുന്നില്ല.

3. പഠിതാവ് (Learner)

- പഠിതാവിന് ആശയങ്ങളുണ്ട് (കുട്ടി ഒഴിഞ്ഞ പാത്രമല്ല)
- പഠിതാവിന്റെ ആശയങ്ങൾ പലപ്പോഴും അധ്യാപകന്റേത് ആയിരി
ക്കില്ല.
- പഠിതാവ് സ്വന്തം ആശയങ്ങൾ ഇഷ്ടപ്പെടുന്നു.
- പഠിതാവിന് ആദ്യാനുഭവങ്ങൾ/മുൻഅനുഭവങ്ങൾ ആവശ്യമുണ്ട്.
- എങ്ങനെ പഠിക്കണമെന്ന് പഠിതാവ് അറിഞ്ഞിരിക്കണം.
- മറ്റുള്ളവരുടെ സഹകരണം പഠിതാവിന് ആവശ്യമുണ്ട്.

## ജ്ഞാനനിർമ്മിതിവാദ (Constructivism)വും ചേഷ്ടാവാദ (Behaviourism)വും താരതമ്യപഠനം

(പരമ്പരാഗത പഠനരീതിയെ സൂചിപ്പിക്കുന്നതിന് ചേഷ്ടാവാദം എന്ന
പദം ഉപയോഗിക്കുന്നു) ഒരു ചൂരൽവടിയെ മുൻനിർത്തിയായിരുന്ന ഒരു
കാലത്ത് ക്ലാസ്സ്മുറിയിൽ പഠനം 'സജീവ'മായിരുന്നത്. 'നിശ്ശബ്ദത'യായി
രുന്നു പഠനം നടക്കുന്ന ക്ലാസ്സ് മുറികളുടെ മുഖമുദ്ര. അച്ചടക്കത്തിന്റെ
ആദ്യലക്ഷണവും ഈ നിശ്ശബ്ദതയായിരുന്നു. (അതിശയമെന്നു പറയട്ടെ,
ഇപ്പോഴും ചില അധ്യാപകപണ്ഡിതന്മാർ കരുതിയിരിക്കുന്നത് നിശ്ശബ്ദ
മായ ക്ലാസ്സ്മുറികളിലാണ് 'പഠനം നടക്കുന്നത്' എന്നാണ്) അധ്യാപക
കേന്ദ്രീകൃതമായ ഒരു ക്ലാസ്സ് മുറിക്കു മാത്രമേ നിശ്ശബ്ദമായിരിക്കാൻ കഴിയൂ.

പഠനം സ്വാഭാവികമായി നടക്കണമെന്നുണ്ടെങ്കിൽ ക്ലാസ്സ് മുറികൾ സജീവമാകണം. ഈ സജീവതയുടെ അളവുകോലുകൾ എങ്ങനെയാണ് കണ്ടെത്താൻ കഴിയുക? നമ്മുടെ ക്ലാസ്സ് മുറികളിൽ ഇന്ന് 'നിശബ്ദമായ ഒരു വിപ്ലവം' നടക്കുന്നുണ്ട്. അത് ജ്ഞാനനിർമ്മിതി/അറിവ് നിർമ്മാണം ക്ലാസ്സ് മുറികളിൽ നടക്കുന്നു എന്നതാണ്. ചേഷ്ടാവാദവും ജ്ഞാനനിർമ്മിതി വാദവും താരതമ്യപ്പെടുത്തുകയാണ് ചുവടെ.

| ചേഷ്ടാവാദം\| (Behaviourism) | ജ്ഞാനനിർമ്മിതിവാദം (Constructivism) |
|---|---|
| അധ്യാപക കേന്ദ്രീകൃത വിദ്യാഭ്യാസം | പഠിതാവിനെ കേന്ദ്രീകരിക്കുന്ന വിദ്യാഭ്യാസം |
| ഉള്ളടക്ക കേന്ദ്രീകൃത പാഠ്യപദ്ധതി | പ്രക്രിയാധിഷ്ഠിത പാഠ്യപദ്ധതി |
| കുട്ടി ഒഴിഞ്ഞ പാത്രമാണ് | കുട്ടി ഒഴിഞ്ഞ പാത്രമല്ല, കുട്ടിക്ക് സഹജമായ കഴിവുകളുണ്ട് |
| കുട്ടി അറിവിന്റെ സ്വീകർത്താവാണ് | കുട്ടി അറിവിന്റെ നിർമ്മാതാവാണ് |
| പഠനം യാന്ത്രികമാണ്. ബാഹ്യ ചോദകങ്ങളോട് പ്രതികരിക്കലാണ് | പഠനം സ്വാഭാവികമാണ്. സജീവമായ മാനസികപ്രക്രിയയാണ്. |
| ബാഹ്യപ്രേരണ (Extrinsic Motivation) പഠനത്തിലേക്ക് നയിക്കുന്നു. | ഉൾപ്രേരണ (Intrinsic Motivation) പഠനത്തിലേക്ക് നയിക്കുന്നു. |
| ശിക്ഷ, സമ്മാനം, പ്രബലനം, ആവർത്തനം, ഉരുവിടൽ എന്നിവ പഠനത്തെ ഫലപ്രദമാക്കുന്നു. | പരിഹരിക്കപ്പെടേണ്ട പ്രശ്നമായി അവതരിപ്പിച്ച് (അസന്തുലിതാവസ്ഥ സൃഷ്ടിച്ച്) അനുഭവങ്ങൾ ഒരുക്കുന്നത് പഠനത്തെ ഫലപ്രദമാക്കും. |
| എല്ലാ പ്രായക്കാർക്കും ഒരേ സമീപനം | വികാസഘട്ടങ്ങൾ പരിഗണിച്ച് സമീപനത്തിൽ മാറ്റം വരുത്തുന്നു. |
| പഠനം എന്നത് ചേഷ്ടകളെ പരുവപ്പെടുത്തലാണ്. | പഠനം അനുരൂപീകരണപ്രക്രിയയാണ്. അറിവിന്റെ നിർമ്മിതിയാണ് നടക്കുന്നത്. |



**ക്ലാസ് റൂം പ്രക്രിയ - മാറുന്ന കാഴ്ചകൾ**

**ചേഷ്ടാവാദം (1960-കൾ)**




**ജ്ഞാനനിർമിതി വാദം (1970-80 കൾ)**




**സാമൂഹികജ്ഞാനനിർമിതി വാദം (1980-കൾക്കുശേഷം)**




## ഭാഷാപഠനത്തെക്കുറിച്ചുള്ള ചോംസ്കിയൻ കാഴ്ചപ്പാട്

സംസാരിക്കാനും കാര്യങ്ങൾ ഗ്രഹിക്കാനുമുള്ള കഴിവ് എന്ന നിലയിലാണ് ഭാഷയെ നാം വീക്ഷിക്കുന്നത്. ഭാഷാസംബന്ധമായി രണ്ടു വ്യക്തികൾക്കുള്ള അറിവ് ഒന്നുതന്നെയാണെങ്കിലും ഈ അറിവു പ്രയോഗിക്കുന്ന കാര്യത്തിൽ അവർ തമ്മിൽ പ്രകടമായ അന്തരമുണ്ട്. അറിവിൽ കാര്യമായ വ്യത്യാസം ഇല്ലാതെതന്നെ ഭാഷ ഉപയോഗിക്കുന്ന കാര്യത്തിൽ കഴിവുകൂട്ടുകയോ കുറയുകയോ ചെയ്യാം. ഭാഷയെക്കുറിച്ചുള്ള അറിവ് മനസ്സിന്റെ (മസ്തിഷ്കത്തിന്റെ) ഒരു പ്രത്യേക അവസ്ഥതന്നെയാണ്. മനസ്സിൽ ഭാഷാഘടകമെന്ന വേർതിരിച്ചെടുക്കാവുന്ന ഒരു ഘടകമുണ്ടെന്നും അതിനു വ്യക്തമായ ഗുണങ്ങളും ഘടനയും വ്യവസ്ഥയുമുണ്ടെന്നും ചോംസ്കി അസന്ദിഗ്ധമായി പ്രസ്താവിക്കുന്നു. രചനാന്തരണ പ്രജനനവ്യാകരണം (Transformational Generative Grammar) എന്ന അദ്ദേഹത്തിന്റെ ആശയവും പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്.

ഭാഷയുടെ മുഖ്യധർമ്മം ആശയസംവേദനംതന്നെ. മറ്റുള്ളവരുടെ ചോദ്യത്തിന് കുട്ടി ഉത്തരം പറയുകമാത്രം ചെയ്യുന്നത് സംവേദനമല്ല. മറിച്ച് ചോദ്യത്തോടുള്ള കുട്ടിയുടെ പ്രതികരണം രേഖപ്പെടുത്തുക മാത്രമാണ്. ഇതിനും ആശയാവധാരണം (Comprehension) ആവശ്യമാണ് എന്നിരിക്കിലും ഭാഷാധർമ്മം പൂർണ്ണമായും നിറവേറ്റപ്പെടുന്നില്ല. ഭാഷ വളരുന്നതും സ്വായത്തമാക്കുന്നതും സംവാദങ്ങളിലൂടെയാണ്. സംഭാഷണം, കഥാവതരണം, കവിതാലാപനം, അനുഭവവിവരണങ്ങൾ, യാത്രാവിവരണങ്ങൾ എന്നിങ്ങനെ പലതരം പ്രവർത്തനങ്ങളിലൂടെ മാത്രമേ ഭാഷ വളരുകയുള്ളൂ. കുറേ പദങ്ങളോ വാക്യങ്ങളോ പരിചയിച്ചതുകൊണ്ടും ഹൃദിസ്ഥമാക്കിയതുകൊണ്ടും ഭാഷാപ്രയോജനം പൂർണ്ണനിലയിലാവില്ല. ഭാഷ ചിന്തയെ സ്വാധീനിക്കുന്നോ ചിന്ത ഭാഷയുടെമേൽ അധീശത്വം സ്ഥാപിക്കുന്നോ എന്നൊരു ചോദ്യവുമുണ്ട്. എന്നാൽ ഇവ രണ്ടും പരസ്പരപൂരകങ്ങളാണ് എന്നാണ് ചോംസ്കിയുടെ പക്ഷം.

ചോംസ്കിയുടെ പ്രധാന ആശയങ്ങൾ ഇവയാണ്.

1. ഭാഷകനും ശ്രോതാവിനും അനന്തമായ എണ്ണം വാക്യങ്ങൾ സൃഷ്ടിക്കാനും മനസ്സിലാക്കാനും കഴിയും. അനുകരണത്തിലൂടെയും പരിശീലനത്തിലൂടെയുമാണ് ഭാഷ സ്വായത്തമാക്കുന്നതെങ്കിൽ അനന്തമായി വാക്യങ്ങൾ സൃഷ്ടിച്ചെടുക്കുക സാധ്യമല്ല.
2. മനുഷ്യർക്കു മാത്രമുള്ള സിദ്ധിവിശേഷമാണ് ഭാഷ. മൃഗങ്ങളുടെ ആശയവിനിമയവ്യവസ്ഥയേക്കാൾ സങ്കീർണ്ണവും കാര്യക്ഷമവുമാണ് മനുഷ്യന്റെ ഭാഷാവ്യവസ്ഥ.
3. രണ്ടു വയസ്സാകുമ്പോൾത്തന്നെ കുട്ടി ഭാഷാപഠനം ആരംഭിക്കുന്നു. നാലഞ്ചുവയസ്സാകുമ്പോൾത്തന്നെ മാതൃഭാഷയിലെ വ്യാകരണനിയമങ്ങൾ അവൻ പഠിക്കുന്നു. കാലനിർണയത്തിൽ (Tense) ആരും അഭ്യസിപ്പിക്കാതെതന്നെ അവൻ പ്രായേണ തെറ്റുവരുത്തുന്നില്ല. 'ഞാൻ ഇന്നലെ പോകും', 'നാളെ പോയി' എന്നു കുട്ടി തെറ്റിച്ചുപറയുമെന്ന് തോന്നുന്നില്ല.
4. കുട്ടി പരിചയപ്പെടുന്ന ഭാഷ പലപ്പോഴും പരിമിതവും അപൂർണ്ണവും ക്രമരഹിതവുമായിരിക്കും. പക്ഷേ അവൻ വികസിപ്പിച്ചെടുക്കുന്ന ഭാഷാശേഷി പുഷ്ടവും വ്യവസ്ഥാപൂർണ്ണവുമാണെന്ന് നമുക്ക് കാണാൻ കഴിയും. പരിചയപ്പെടുന്നതു മാത്രമല്ല അവൻ ഭാഷണരൂപത്തിൽ പുറത്തുവിടുന്നത്.
5. മസ്തിഷ്കം വളർച്ച പ്രാപിക്കുന്നത് 2 വയസ്സു മുതൽ 12 വയസ്സുവരെയുള്ള കാലഘട്ടത്തിലാണ്. കുട്ടിയുടെ ഭാഷാപഠനം ഏറ്റവും തീവ്രമായി നടക്കുന്നതും ഇക്കാലത്താണ്.



6. ഭാഷകൾക്ക് ചില സാർവലൗകിക സ്വഭാവങ്ങളുണ്ട്. ഘടനാപരമായി വളരെ സാമ്യമുള്ളവയാണ് ഭാഷകൾ എന്നും വ്യത്യസ്തഭാഷകൾ തമ്മിൽ ബാഹ്യമായ ചില ലക്ഷണങ്ങളിൽ മാത്രമാണ് പ്രകടമായ അന്തരമുള്ളത് എന്നും ഇന്നു പരക്കെ സ്വീകരിക്കപ്പെട്ടിരിക്കുന്നു.

എല്ലാ ബോധനമാതൃകകളും ഏതെങ്കിലുമൊരു പഠനസിദ്ധാന്തവുമായി ബന്ധപ്പെട്ടിരിക്കും. ചില സവിശേഷ സാഹചര്യങ്ങളിൽ ഇത് ഒന്നിലധികം പഠനസിദ്ധാന്തങ്ങളുമായിരിക്കും. പഠിതാവിന്റെ സമഗ്രവികസനവുമായി ബന്ധപ്പെട്ട് ഏതെങ്കിലും സവിശേഷ ലക്ഷ്യത്തെയോ ലക്ഷ്യങ്ങളെയോ ഉന്നംവയ്ക്കുന്നതായിരിക്കും ഓരോ ബോധനരീതികളും. അതുകൊണ്ടുതന്നെ ഓരോ ബോധനമാതൃകകളും മറ്റൊന്നിൽനിന്നു വ്യത്യാസപ്പെട്ടിരിക്കും. ബോധനമാതൃകകൾ തെരഞ്ഞെടുക്കുന്നതിന് അനുസൃതമായി ബോധനമാതൃകകളുടെ ഘടനയും നിർമ്മിതിയും വ്യത്യാസപ്പെട്ടിരിക്കും എന്നാണ് ഇതിൽ നിന്നു മനസ്സിലാക്കേണ്ടത്.

## ജ്ഞാനനിർമ്മിതിവാദമാതൃക (Constructivist Model)

'ബോധനത്തിന് ഒരു ആസൂത്രണം' എന്നതിലുപരി 'പഠനത്തിന് ഒരു രൂപരേഖ'യായിട്ടാണ് ജ്ഞാനനിർമ്മിതിവാദമാതൃക കണക്കാക്കപ്പെടുന്നത്. പഠനത്തെ ചെറിയ ഘട്ടങ്ങളായി വിഭജിക്കാൻ സാധിക്കില്ല എന്നാണ് ജ്ഞാനനിർമ്മിതിവാദികൾ കരുതുന്നത്. കാരണം അറിവ് സ്വയം നിർമ്മിക്കപ്പെടുന്നു എന്നതുതന്നെ. ഈ മാതൃകയുടെ പ്രവർത്തനശ്രേണി ചുവടെ ചേർക്കുന്നു.

അതേസമയം, ബോധനമാതൃകകളുടെ സ്വഭാവവും ലക്ഷ്യവും എത്ര തന്നെ വ്യത്യാസപ്പെട്ടിരുന്നാലും അവയുടെ ഘടനാപരമായ/ജനിതകഘടന ഏതാണ്ട് ഒരേപോലെയാവും രൂപപ്പെട്ടിരിക്കുക. നാല് പ്രധാനഘടകങ്ങളെ എല്ലാ ബോധനമാതൃകകൾക്കും പൊതുസ്വഭാവം എന്ന നിലയിൽ കാണാൻകഴിയും. പ്രവർത്തനശ്രേണി (Syntax), സാമൂഹികഘടന (Social System), പ്രതിക്രിയാ തത്ത്വങ്ങൾ (Principles of Reaction), പിന്തുണാ സംവിധാനങ്ങൾ (Support Systmes) എന്നിവയാണ് ഈ പൊതുഘടകങ്ങൾ.

### 1. പ്രവർത്തനശ്രേണി

**ഘട്ടം 1**

**ബോധവത്ക്കരണം (Orientation)**

പ്രാരംഭചിന്തകൾക്ക് തുടക്കം കുറിക്കുന്ന ഘട്ടമാണിത്. ആശയകേന്ദ്രീകരണം ഇവിടെ നടക്കേണ്ടതുണ്ട്. പഠനത്തിന്/അറിവനുഭവത്തിന് വേദിയൊരുക്കുന്നതിനുള്ള മുന്നോടിയായി മൂർത്തമായ അനുഭവങ്ങൾക്കും ചർച്ചകൾക്കും തുടക്കം കുറിക്കുന്നു. ആശയകേന്ദ്രീകരണത്തിന് ആവശ്യമായ മുന്നൊ

രുക്കം നടക്കുന്നതിനുവേണ്ടിയാണ് ഇത്തരം ചർച്ചകൾ. ഈ ഘട്ടത്തിൽ ക്ലാസ്സിന്റെ പൊതുനിലവാരം മുൻനിർത്തി ആവശ്യമുള്ള ഘട്ടങ്ങളിൽ അധ്യാപകൻ മുൻധാരണ രൂപീകരണമോ (Advance Organizer) കൈത്താങ്ങോ (Scaffolding) നൽകുന്നത് നന്നായിരിക്കും. അവതരിപ്പിക്കുന്ന വിഷയ/പ്രശ്നത്തിന്റെ 'ഫോക്കസ്' നഷ്ടപ്പെടാതിരിക്കാൻ ഇത് സഹായകരമാകും.

**ഘട്ടം 2**

**ആശയങ്ങളെ പുറത്തുകൊണ്ടുവരുന്ന (Elicitation)**

വിഷയവുമായി ബന്ധപ്പെടുത്തി വിദ്യാർത്ഥികൾക്കുള്ള അറിവിനെ പൂർണ്ണമായി അവലോകനം ചെയ്യുന്നു. എന്തൊക്കെ ധാരണകളാണ് വിഷയവുമായി ബന്ധപ്പെട്ട് കുട്ടിയിലുള്ളത് എന്ന് കണ്ടെത്തുന്നതിന് ഇത് സഹായകമാകും. കുട്ടികളുടെ മുന്നറിവുകളെയും ആശയങ്ങളെയും അധ്യാപകൻ പരമാവധി പുറത്തുകൊണ്ടുവരികയും യഥാർത്ഥപ്രവർത്തനങ്ങളെ കുട്ടികൾക്കിടയിലെ ചെറുസംഘങ്ങൾക്ക് നൽകുകയും ചെയ്യുന്നു. പഴയ അറിവിനെ ആധാരമാക്കി പുതിയ അറിവുകൾ രൂപപ്പെടുന്നു.

**ഘട്ടം 3**

**വെല്ലുവിളികളും മാറ്റങ്ങളും (Challenges and changes)**

ശാസ്ത്രീയതത്ത്വങ്ങളുമായി അടുത്തപരിചയം ഉണ്ടാക്കുക എന്നതാണ് ഈ ഘട്ടത്തിന്റെ മുഖ്യലക്ഷ്യം. വൈജ്ഞാനിക സംഘർഷങ്ങളും (Cognitive Conflict) ബൗദ്ധിക അസന്തുലിതാവസ്ഥയും (Intellectual Imbalance) ഉടലെടുക്കുന്നത് ഈ അവസരത്തിലാണ്. 'കലുക്കി ഉറപ്പിക്കുക' എന്ന മലയാളികളുടെ ശൈലിയെ ഓർമ്മപ്പെടുത്തുന്ന ഒരു ഘട്ടമാണിത്. ആശയങ്ങളെയും ധാരണകളെയും പുനഃക്രമീകരിക്കുകയും പുതിയ അറിവനുഭവങ്ങളുമായി ചേർത്തുവയ്ക്കുകയും ചെയ്യുന്നു. സംപ്രത്യയ(Concept)ങ്ങൾക്ക് വിശദീകരണവും സ്വാംശീകരണവും നൽകുന്നു. ഓരോരുത്തരും നേടിയ മുൻധാരണകളുടെയും കൈത്താങ്ങിന്റെയും അടിസ്ഥാനത്തിൽ ആശയവിപുലീകരണം നടക്കുകയും പുതിയ അർത്ഥവ്യാപ്തികൾ കണ്ടെത്തുകയും ചെയ്യുന്നു.

**ഘട്ടം 4**

**പ്രയോഗം (Application)**

നേടിയ മുൻധാരണകളുമായി പൊരുത്തപ്പെടുത്തിക്കൊണ്ട് അമൂർത്തങ്ങളായ പഠനാനുഭവങ്ങളുമായി ഇടപെടുന്നു. പുറമെ നിന്നുള്ള അറിവുകളെ സ്വായത്തമാക്കുകയും പുതിയ ആശയങ്ങളെ വിപുലീകരിച്ച്, പുതിയ ആശയങ്ങളോടുള്ള പ്രതികരണങ്ങളും പ്രതിഫലനങ്ങളും നടക്കുന്നു. അറിവനുഭവങ്ങളെ പ്രയോഗത്തിൽ വരുത്തുന്നതിന് ഇടം ലഭിക്കുന്നു.



**ഘട്ടം 5**

**അവലോകനം (Review)**

കടന്നുവന്ന ചിന്തനപ്രക്രിയയെക്കുറിച്ച് ചിന്തിക്കുന്നു. പാഠ്യാംശത്തെ അവലോകനം ചെയ്യുന്നു. പഠനപ്രക്രിയയെ വിലയിരുത്തുന്നു. അറിവ് നിർമ്മിക്കാൻ സ്വീകരിച്ച തന്ത്രങ്ങളെ അപഗ്രഥിക്കുന്നു.

**2. സാമൂഹ്യഘടന (Social system)**

വിദ്യാർത്ഥികൾക്ക് സുരക്ഷിത(Comfortable)മായിരിക്കും ക്ലാസ്സ് മുറിയിലെ അന്തരീക്ഷം. ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിന് ഇത് സഹായകമാണ്. സ്വാതന്ത്ര്യത്തോടെയെങ്കിലും ആത്മനിയന്ത്രണത്തോടെ, തങ്ങളുടെ ബൗദ്ധിക വികാസം താല്പര്യപൂർവ്വം കുട്ടികൾ ഫലവത്താക്കുന്നു. തെറ്റായ ഉത്തരങ്ങളെപ്പോലും സ്വീകരിക്കാവുന്ന വിലയേറിയ സംഗതികളായി അവതരിപ്പിക്കാൻ അധ്യാപകൻ ശ്രമിക്കണം. അങ്ങനെ ക്ലാസ്സ് മുറിയിൽ കുട്ടികൾ ആത്മവിശ്വാസത്തോടെയും സഹകരണമനോഭാവത്തോടെയും അറിവ് കണ്ടെത്തുന്നു.

**3. പ്രതിക്രിയാതത്ത്വങ്ങൾ (Principles of Reaction)**

അധ്യാപകർക്കുള്ള മാർഗ്ഗനിർദ്ദേശങ്ങളാണ് ഇവിടെ ചേർക്കുന്നത്. ആശയങ്ങളുടെ ഒരേയൊരു സ്രോതസ്സ് താൻ മാത്രമാണ് എന്ന ബോധം അധ്യാപകനുണ്ടാവരുത്. ചർച്ചകളിലൂടെ, ആശയങ്ങളെ വിപുലീകരിക്കാൻ അധ്യാപകൻ കുട്ടികളെ സഹായിക്കുകയും, നിയമ(rule)ങ്ങളിലെത്തിച്ചേരുമ്പോൾ, അത് അധ്യാപകനും കുട്ടികൾക്കും ഒരുപോലെ ബോധ്യപ്പെടുന്നതുമാകണം. ശ്രമം പൂർത്തിയാക്കാൻ അധ്യാപകൻ കൈത്താങ്ങിലൂടെ (Scaffolding) കുട്ടികളുടെ മുൻധാരണകളെ രൂപപ്പെടുത്താൻ സഹായിക്കണം. അതായത്, അവശ്യസമയത്ത് വേണ്ട നിർദ്ദേശങ്ങൾ നൽകണം. അധ്യാപകനും വിദ്യാർത്ഥികൾക്കും പഠനപ്രക്രിയയിൽ തുല്യ പങ്കാണുള്ളത്. സ്വന്തം തന്ത്രങ്ങൾ രൂപപ്പെടുത്തിയെടുക്കാൻ കുട്ടികളെ പ്രേരിപ്പിക്കണം. അറിവ് നിർമ്മിക്കുന്നതിൽ അധ്യാപകൻ കുട്ടികളെ പ്രാപ്തരാക്കണം.

**4. പിന്തുണാസംവിധാനം (Support System)**

- പാഠപുസ്തകങ്ങൾ

കുട്ടികൾക്ക് ചിന്തിക്കാനും കണ്ടെത്താനും സ്വയം പ്രകടനത്തിനും ഇടം നൽകുന്ന പാഠപുസ്തകങ്ങൾ ഉണ്ടാവണം. കുട്ടികളുടെ പ്രവർത്തനങ്ങളിലൂടെയാവണം പാഠപുസ്തകത്തിന്റെ പൂർണ്ണത.

- പ്രവൃത്തി രേഖകൾ (Work Sheets)

കുട്ടികൾക്ക് നൽകിയിരിക്കുന്ന വ്യത്യസ്തപ്രവർത്തനങ്ങളെ രേഖപ്പെടുത്താനാണ് വർക്ക്ഷീറ്റുകൾ. പുതിയ കണ്ടെത്തലിനും അനുഭവങ്ങൾക്കുമുള്ള കുറിപ്പുകളും രേഖകളും വഴിതെളിച്ചേക്കാം. ഒരു സംപ്രത്യയ(Concept)ത്തെ എത്രമാത്രം കുട്ടി മനസ്സിലാക്കി എന്നതിന്റെ അടയാളം കൂടിയാണ് ഈ രേഖകൾ.

## 5. അഭിലഷണീയവും അനഭിലഷണീയവുമായ ഫലങ്ങൾ (Instructional and Nurturant effects)

കിന്റർഗാർട്ടൻ മുതൽ ഹൈസ്കൂൾ വരെയുള്ള എല്ലാ ഘട്ടങ്ങളിലും ഉപയോഗിക്കാവുന്ന മാതൃകയാണിത്. ഇത് കുട്ടികളുടെ ചിന്താശേഷി വികസിപ്പിക്കുന്നു. എങ്ങനെ പഠനം നടത്തണമെന്ന് പഠിക്കാൻ സഹായിക്കുന്നു. പഠനപ്രക്രിയയിൽ സജീവ പങ്കാളികളാവുന്നു. ഇങ്ങനെ പല വെല്ലുവിളികളും സമർത്ഥമായി നേരിടാൻ അവന് സാധിക്കുന്നു. സാമൂഹ്യവിനിമയത്തിനുള്ള കഴിവ് കുട്ടി നേടുന്നു. കുട്ടികളുടെ ഭാഷ മനസ്സിലാക്കി ബോധനം നടത്താൻ അധ്യാപകന് കഴിയുന്നു. സ്വാതന്ത്ര്യം നേടുന്ന കുട്ടിയെ നിയന്ത്രിക്കാനും നേരെ നടത്താനും അധ്യാപകന് കഴിഞ്ഞില്ലെങ്കിൽ ഈ വിദ്യ പരാജയപ്പെടാൻ സാധ്യതയുണ്ട്. എല്ലായ്പ്പോഴും സമൂഹനന്മ ലക്ഷ്യമായിക്കൊള്ളണമെന്നുമില്ല.

വർത്തമാനകാല സമൂഹം ആവശ്യപ്പെടുന്നത് 'പഠിക്കുന്ന' അധ്യാപകരെയാണ്; 'പഠിപ്പിക്കുന്ന', അധ്യാപകരെയല്ല. കാരണം 'അറിവ് സ്വയം നിർമ്മിക്കുന്ന കുട്ടിയും' 'ഉള്ളിൽ ഭാഷയുള്ള കുട്ടിയുമാണ് ഇന്നത്തെ അധ്യാപകന്റെ പ്രധാന വെല്ലുവിളികൾ. ഈ വെല്ലുവിളികളെ അതിജീവിക്കാൻ അധ്യാപകർ സ്വയം തയ്യാറാവണം.

## ഗ്രന്ഥസൂചി


Barr, Arvil S. (1960). Research Methods. In Chester W. Harris (Ed.) Encyclopedia of Educational Research. New York: McMillan Co.

Berk, Laura E. (1997). Child Development. USA: Allyn and Bacon.

Best, J.W. & Khan, J.V. (2004). Research in Education. New Delhi: Prentice Hall of India Private Limited.

Cazden, C. (1988). Classroom Discourse. Cambridge, MA: Harvard University Press.

Danoff, et al. (1977). Open for Childrn. New York: McGraw Hill Book Company.

David, Traicia. (2001). Curriculum in the Early Years. In Gillan Pugh (Ed.), Contemporary issue in the early years works collaboratively for children (3rd Ed.). London: Paul Champment Publishing.





Elkind & Weiner. (1978). Development of the Child. Canada: Weiley and Sons INC.

Heath, S.B. (1983). Ways with Words: Language, Life and Work in Communities and Classrooms. New York: Cambridge University Press.

Joyce, Bruce & Weil, Marsha. (2006). Models of Teaching. New York: McGraw Hill Book Company.

Whiting, B.B. & Edwards, C.P., et al. (1988). Children of Different Worlds: The Formation of Social Behavior. Cambridge, MA: Harvard University Press.

Whitmore et al. (2004). Critical Lessons from the Transactional Perspective on Early Literacy Research. Early childhood literacy. Vol. 4 (3). New Delhi: Sage Publications.